**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 485** — **06-12-2022 - ൽ മറുപടിയ്ക്ക്**

**കാക്കുളങ്ങരപ്പള്ളി പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.വി.സുമേഷ്</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കിഫ്ബി ഫണ്ട് ഉപയോഗിച്ച് അഴീക്കോട് നടപ്പിലാക്കുന്ന കാക്കുളങ്ങരപ്പള്ളിയുടെ പ്രവൃത്തികൾ അറിയിക്കാമോ;</td><td>(എ)</td><td>കാക്കുളങ്ങരപ്പള്ളി പദ്ധതിക്ക് 1,03,18,271.34 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കാക്കുളങ്ങര മസ്ജിദ് ഒരു പൈതൃക ബിൽഡിങ്ങും ചരിത്രപരമായ മൂല്യവുമുള്ള പള്ളിയുമായതിനാൽ, സംരക്ഷണത്തിന് വിധേയമാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്,<br><br>• മിനാരം ബലപ്പെടുത്തലും സംരക്ഷണവും.<br>• ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം<br>• ഗാലറി നിർമ്മാണം. മുസ്‌ലിം സംസ്കാരത്തിന്റെ പൈതൃകം പ്രദർശിപ്പിക്കുന്നതാണ് ഗാലറി.<br>• ചുറ്റുമുള്ള സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു കമ്മ്യൂണിറ്റി കെട്ടിടവും നിർമിക്കാനുള്ള പ്ലാനും ഉണ്ട്.<br>• പള്ളിക്കു ചുറ്റുമുള്ള സ്ഥലം ലാൻഡ് സ്കേപ്പ് ചെയ്തു, നടപ്പാത, ലൈറ്റിംഗ് എന്നിവ ഉപയോഗിച്ച് ചുറ്റുമുള്ള ഭൂപ്രകൃതി മെച്ചപ്പെടുത്തും.<br><br>സൈനേജ്, തെരുവ് വിളക്കുകൾ, ഡസ്റ്റ്ബിന്നുകൾ, സുരക്ഷാ ക്യാമറകൾ തുടങ്ങിയ ഉപയോഗപ്രദമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുളപ്പുര സംരക്ഷണം, ഗാലറി, പ്ലംബിംഗ്, ഔട്ട്ഡോർ ക്ലിയറിംഗ് ലാൻഡ്സ്കേപ്പിംഗ്, വൈദ്യുതീകരണം എന്നിവ ഈ പ്രവർത്തനത്തിന്റെ ഘടകങ്ങളിൽ ഉൾപ്പെടുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;</td><td>(ബി)</td><td>പദ്ധതി 4 തവണ ടെൻഡർ ചെയ്തെങ്കിലും ബിഡിങ്ങിൽ ആരും പങ്കെടുത്തില്ല. റീ ടെൻഡറിങ്ങിൽ ഒരു ബിഡ്ഡർ പങ്കെടുക്കുകയും, ബിഡ് ചെയ്ത തുക ഡിഎസ്ആർ 2016-നെ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകക്ക് 16.86% മുകളിലും, ഡിഎസ്ആർ</td></tr>
</table>

| | | | |
|---|---|---|---|
| | | | 2018-ലേക്ക് പുതുക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ 5.89% കുറവായതിനാലും, അനുമതിക്കായി ടൂറിസം വകുപ്പിലേക്ക് ടെൻഡർ അയച്ചിരിക്കുകയാണ്. |
| (സി) | പദ്ധതിയുടെ അംഗീകാരത്തിന് എന്തെങ്കിലും തടസങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കാമോ; | (സി) | കാക്കുളങ്ങരപ്പള്ളി പദ്ധതിക്ക് 1,03,18,271.34 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇനി പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ? | (ഡി) | പദ്ധതി 4 തവണ ടെൻഡർ ചെയ്യെങ്കിലും ബിഡിങ്ങിൽ ആരും പങ്കെടുക്കാത്തതിനാലാണ് പദ്ധതി തുടങ്ങാൻ വൈകുന്നത്. എന്നാൽ നിലവിൽ റീ ടെൻഡറിങ്ങിൽ ഒരു ബിഡ്ഡർ പങ്കെടുക്കുകയും, ബിഡ് ചെയ്ത തുക ഡിഎസ്ആർ 2016-നെ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകക്ക് 16.86% മുകളിലും, ഡിഎസ്ആർ 2018-ലേക്ക് പുതുക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ 5.89% കുറവായതിനാലും, അനുമതിക്കായി ടൂറിസം വകുപ്പിലേക്ക് ടെൻഡർ അയച്ചിരിക്കുകയാണ്. ടെൻഡറിന് ടൂറിസം വകുപ്പ് അനുമതി നൽകുകയാണെങ്കിൽ എഗ്രിമെന്റ് വെച്ച് പ്രവർത്തി തുടങ്ങുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി ആയ KIIDC സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ